# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുതുപ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**

**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1593/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1593/2021 തീയ്യതി: 10/12/2021

## കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2019 മുതൽ 13-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 26-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഇ.വി.ഹരി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാകേഷ്.പി.ആർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സുരേഷ് കുമാർ.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജൻ.പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.വിനു ചന്ദ്ര ബോസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.നളിൻകുമാർ.സി.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 21-01-2020 |
| ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 24-01-2020 | 31-03-2020 |
| ശ്രീമതി.റെജിമോൾ | ഡയറി എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.അബ്ദുറഹിമാൻ | ഹെഡ് മാസ്റ്റർ | 01-04-2019 | 14-06-2019 |
| ശ്രീ.ബെന്നി.കെ.ടി | ഹെഡ് മാസ്റ്റർ | 15-06-2019 | 31-03-2020 |
| ശ്രീമതി.ജമീല | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 24-04-2019 |
| ശ്രീമതി.ഫസ്ന പാറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-04-2019 | 31-03-2020 |
| ഡോ.സഫീന മുസ്തഫ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.മിനു ചാക്കോ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.സുമയ്യ ടി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.പി.കെ.ശിഹാബുദ്ദീൻ | വെറ്ററിനറി സർജൻ | 01-04-2019 | 14-09-2019 |
| ഡോ.അബ്ദുൾ സലാം കെ | വെറ്ററിനറി സർജൻ | 16-09-2019 | 31-03-2020 |
| ശ്രീ.ഉനൈസ് അലി.സി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 30-09-2019 |
| ശ്രീ.അബ്ദുൾ ജലീൽ.പി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രജീഷ.കെ.ടി | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 30-10-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SURESH KUMAR S (Senior Grade Auditor, On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-1 |
| 2 | ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-1-1 |
| 3 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-1-2 |
| 4 | ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യ പത്രിക<br>Written By: SURESH KUMAR S (Senior Grade Auditor, On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-2 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-2-1 |
| 7 | സാമ്പത്തിക വിശകലനം<br>Written By: SURESH KUMAR S (Senior Grade Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-4-1 |
| 10 | പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം.<br>Written By: SURESH KUMAR S (Senior Grade Auditor, On 26-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-9 |
| 15 | മുൻ റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ വീഴ്ച - അപാകതകൾ പരിഹരിക്കപ്പെടുന്നില്ല<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-10 |
| 16 | രശീത് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-11 |
| 17 | 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-12 |
| 18 | 12 ച. മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ - വിശദീകരണം തേടുന്നത് - സംബന്ധിച്ച്<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-13 |
| 19 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-14 |
| 20 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-15 |

| | | |
|---|---|---|
| | Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | |
| 21 | തെറ്റായ ഇനം ഉൾപ്പെടുത്തി കരാറുകാരന് അധികതുക നൽകി-ഗ്രാമപഞ്ചായത്തിന് നഷ്ടം<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-16 |
| 22 | പകൽവീട് നിർമ്മാണം - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകി - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.<br>Written By: E.V Hari (Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-17 |
| 23 | ഫലവൃക്ഷ തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.<br>Written By: Disha R.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-18 |
| 24 | വീട് വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Disha R.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തെറ്റായ ഇനം ഉൾപ്പെടുത്തി കരാറുകാരന് അധികതുക നൽകി-ഗ്രാമപഞ്ചായത്തിന് നഷ്ടം<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 28-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 28-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 28-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 28-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 01-12-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 10-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

പുതുപ്പാടി ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ 22.02.2019 തീയതിയിലെ തീരുമാന നം. 4/19(1) പ്രകാരം കരട് ബജറ്റ് അംഗീകരിച്ച് സമർപ്പിക്കാൻ തീരുമാനിക്കുകയും 25.02.2019- ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. 26.02.2020 ലെ ഭരണസമിതി തീരുമാന നം. 3/2020 പ്രകാരം 2019-20 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു :

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 5835951 | 35531616 | 29695665 | |
| വരവ് | 341444483 | 111190018 | | 230254465 |
| ആകെ | 347280434 | 146721634 | | 200558800 |
| ചെലവ് | 341189188 | 109538926 | | 231650262 |
| നീക്കിയിരിപ്പ് | 6091246 | 37182708 | 31091462 | |

വർക്ക്ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

### 1-1-2 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ) നം.3291/2016/ത.സ്വ.ഭ.വ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. ചില നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല |
| സ്ഥാപന മേധാവികൾ പദ്ധതിയേതരനിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല |
| സ്റ്റാൻ്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് | വികസനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി 14.01.2019 നം ക്ഷേമകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി 10.01.2019 നം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റി 14.01.2019നം നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു |
| സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാന്മാർ ധനകാര്യസ്റ്റാൻ്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി ഫയലിൽ സൂക്ഷി ച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല |
| ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതരനിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിയുടെ 22.02.2019 തീയതിയിലെ തീരുമാന നം. 4/19(1) പ്രകാരം കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. |

| | | |
|---|---|---|
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 11.01.2019-ൽ പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 25.02.2019-ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചു. |

**1-1-3 ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി**

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. അതിനാൽ ബജറ്റ് പൂർണ്ണ രൂപത്തിലല്ല തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണാം.

**1-2 വാർഷിക ധനകാര്യ പത്രിക**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 15.06.2020 |

**1-2-1 വാർഷിക കണക്കിലെ അപാകതകൾ**

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 2,71,209/- രൂപ വരവ് വന്നിട്ടുണ്ട്. ഈ വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. വാർഷിക കണക്ക് ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് തുക 31245/-രൂപയാണ്. എന്നാൽ മേൽ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects(For Capital Expenditure) From Block Panchayath | 1400000 |
| Contribution For Joint Venture Projects(For Revenue Expenditure) From Block Panchayath | 3116008 |
| Contribution For Joint Venture Projects(For Revenue Expenditure) From District Panchayath | 606945 |

4. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രിസിയഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

7. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

8. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-18പ്രകാരം 1,000 രൂപ, 18,000 രൂപ, 31,041 രൂപ എന്നിവ Prior Period Item ആയി ക്രമീകരിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

9. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരം സീവേജ് & ഡെയിനേജ്, വാഹനങ്ങൾ എന്നീ ആസ്തികൾക്ക് ഡിപ്രിസിയേഷൻ നൽകിയിട്ടില്ലെങ്കിലും ബി-11 ഷെഡ്യൂളിൽ അക്യുമിലേറ്റഡ് ഡിപ്രിസിയേഷൻ നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

10. ബി-11(എ)ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഷെഡ്യൂളിൽ 5,60,479/-രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

11. ബി-4 ഷെഡ്യൂളിൽ ഐ.സി.ഡി.എസ്, ടി.എസ്.സി, ടോട്ടൽ സാനിറ്റേഷൻ, ഗ്രാൻറ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി (വിമുക്തി, ഐ.സി.ഡി.എസ്, കിണർ), ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എ.സി.ആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

12. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18, അഡ്വാൻസ് രജിസ്റ്റർ എന്നിവ പ്രകാരം Temporary Advance For Official Purpose എന്ന ശീർഷകത്തിൽ 31,600/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മുൻകൂർ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.
മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---:|
| മുന്നിരിപ്പ് | 3,55,31,616 |
| ഓഡിറ്റ് വർഷത്തെ വരവ് | 11,11,90,018 |
| ആകെ | 14,67,21,634 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,95,38,926 |
| നീക്കിയിരിപ്പ് | 3,71,82,708 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---:|---:|---:|---:|---:|
| വികസനഫണ്ട് പൊതുവിഭാഗം | -- | 23349429 | 23349429 | 16098708 | 7250721 |
| വികസനഫണ്ട് എസ്.സി.പി | -- | 11405633 | 11405633 | 6175521 | 5230112 |
| വികസനഫണ്ട് ടി.എസ്.പി | -- | 1408666 | 1408666 | 1014906 | 393760 |
| സംരക്ഷണഗ്രാന്റ്-റോഡ് | -- | 17096000 | 17096000 | 8388391 | 8707609 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | -- | 6570000 | 6570000 | 5226284 | 1343716 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | -- | 17283261 | 17283261 | 13087871 | 4195390 |
| സാക്ഷരത | 134739 | 4675 | 139414 | -- | 139414 |
| എംഎൻആർജിഎ (തൊഴിലാളികളുടെ കൂലി) | -- | 22869668 | 22869668 | 22869668 | -- |
| എംഎൻആർജിഎ (ഭരണ ചെലവുകൾ) | 25137 | 844417 | 869554 | 606902 | 262652 |
| ഐ.സി.ഡി.എസ് | 390742 | 2109772 | 2500514 | 1400049 | 1100465 |
| സാനിറ്റേഷൻ | 1000000 | -- | 1000000 | 901457 | 98543 |
| പശ്ചിമഘട്ട വികസന പദ്ധതി | 6211 | 215 | 6426 | -- | 6426 |
| എം.പി ഫണ്ട് | 233213 | 8092 | 241305 | -- | 241305 |
| സംസ്ഥാലാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1.കോർപ്പസ് ഫണ്ട് | 2522914 | 1800000 | 4322914 | 2371955 | 1950959 |
| 2.ജലനിധി | 244264 | 722534 | 966798 | 697800 | 268998 |
| 3.കേരളോത്സവം | -- | 2000 | 2000 | 2000 | -- |
| 4.ലൈഫ് ഭവനം | -- | 3420000 | 3420000 | 3420000 | -- |

**1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ**

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 7,59,64,728 | 2,54,39,459 |
| വികസനഫണ്ട് (എസ്.സി.പി) | 4,62,38,243 | 1,35,44,203 |
| വികസനഫണ്ട് (ടി.എസ്.പി) | 31,80,660 | 16,23,372 |
| മെയിന്റനൻസ് (നോൺ-റോഡ്) | 81,17,500 | 77,67,500 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ – റോഡ് ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 341 | 211 | 16 | 114 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 341 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 227 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി 20,98,42,597/- രൂപ വകയിരുത്തിയതിൽ 9,02,05,960/- രൂപ മാത്രമെ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസന ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 20710876 | 13087871 | 7623005 |
| മെയിന്റനന്സ് ഗ്രാന്റ് നോൺ റോഡ് | 7767500 | 5226284 | 2541216 |
| മെയിന്റനന്സ് ഗ്രാന്റ് റോഡ് | 20418000 | 8388391 | 12029609 |
| വികസന ഫണ്ട് ജനറൽ | 25439459 | 17358279 | 8081180 |
| വികസന ഫണ്ട് -SCP | 13544203 | 6410815 | 7133388 |
| വികസന ഫണ്ട് -TSP | 1623372 | 1029612 | 593760 |
| ആകെ | 89503410 | 51501252 | 38002158 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 89503410 രൂപയിൽ 51501252 രൂപ വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ലഭ്യമായ തുകയിൽ 38002158 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. എല്ലാ ഫണ്ടിനങ്ങളിലും പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുകയിൽ നല്ലൊരു ശതമാനം വിനിയോഗിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ ഇനത്തിൽ ലഭ്യമായ 2,07,10,876 രൂപയിൽ 76,23,005 രൂപ നഷ്ടമായത് പ്രത്യകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ അസി. എഞ്ചിനീയർ, സെക്രട്ടറി, വി.ഇ.ഒ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. അസി. എഞ്ചിനീയർക്ക് ആകെ നടപ്പിലാക്കാനുണ്ടായിരുന്ന 213 പ്രോജക്ടുകളിൽ 158 പ്രോജക്ടുകൾക്കാണ് തുക വിനിയോഗിച്ചിരിക്കുന്നത്. വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല അസിസ്റ്റൻറ് എഞ്ചിനീയർ മെയിന്റനൻസ് പ്രവർത്തികൾ നടപ്പിലാക്കിയത് എന്ന് കാണാം. സെക്രട്ടറിക്ക് നടപ്പിലാക്കാനുണ്ടായിരുന്ന 60 പ്രവർത്തികളിൽ 31 എണ്ണം നടപ്പിലാക്കിയിട്ടില്ല. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 20 എണ്ണത്തിൽ 14 എണ്ണമാണ് നടപ്പിലാക്കിയത്. പ്രോജക്ടുകൾക്ക് തുക വകയിരുത്തിയപ്പോൾ തനത് ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തിയത് മൂലം മറ്റ് ഫണ്ടുകൾ വകമാറ്റപ്പെടുകയോ, അല്ലെങ്കിൽ തനത് ഫണ്ട് ചെലവഴിക്കപ്പെടാതെ പോകുന്ന അവസ്ഥയോ പഞ്ചായത്തിൽ നിലനിൽക്കുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ) തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തുന്നുണ്ട്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ

മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടു കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗ മിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗ മിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തി വരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 3770

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ :7554

100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ :199

2019-20 സാമ്പത്തിക വർഷത്തെ ആകെ ചെലവ് :3,73,10,393

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| അവിദഗ്ദ്ധ വേതനം | 2,26,95,166 |
| വിദഗ്ദ്ധ വേതനം | 18,40,190 |
| മെറ്റീരിയൽ തുക | 1,17,47,139 |
| ഭരണ ചെലവ് | 10,27,898 |
| നികുതി | ---- |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 25137 | 1265413 | 1290550 | 1027898 | 262652 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 2,26,95,166 | 2,26,95,166 | 2,26,95,166 | - |

ഭരണസമിതിയുടെ 28/05/19, 19/06/19, 30/07/19, 23/09/19, 19/09/19, 22/10/19, 07/11/19, 11/12/19, 17/01/20, 03/02/20, 13/03/20 തിയ്യതികളിലെ 4(3)19, 4(1)/19, 20(9)/19, 1/19, 2(3)/19, 4(2)/19, 2(1)/19, 32(4)19, 14/20, 5(1)/20 നമ്പർ തീരുമാനങ്ങൾ പ്രകാരം 353 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.ഇതിൽ തൻവർഷം 137 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 18 |
| കിണർ | 7 |
| തൊഴുത്ത് | 10 |
| ടോയ് ലറ്റ് | 4 |
| കോഴിക്കൂട് | 1 |
| വൃക്ഷത്തൈനടൽ | 1 |
| പുഴ നവീകരണം | -- |
| മണ്ണ് ജല സംരക്ഷണം | 55 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 41 |

## 1-7 ക്ഷേമ പദ്ധതികൾ

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 38760 | 42 |
| കർഷക തൊഴിലാളി പെൻഷൻ | 3889200 | 773 |
| വിധവാ പെൻഷൻ | 10804200 | 1969 |
| വാർദ്ധക്യകാല പെൻഷൻ | 111002200 | 2263 |
| വികലാംഗ പെൻഷൻ | 2641700 | 480 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 115200 | 22 |
| വിവാഹ ധനസഹായം | -- | -- |

**1-8 ക്യാഷ് പരിശോധന**

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68,603/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണം.**

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തേണ്ടത് സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. സാമ്പത്തിക വർഷത്തിൽ 7 സ്റ്റാഫ് മീറ്റിങ്ങുകൾ മാത്രമാണ് വിളിച്ചുചേർത്തിരിക്കുന്നത്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പു വരുത്തിയിട്ടുണ്ട്. ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.

വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റു റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈക്കൊണ്ടു കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, എഫ്.ടി.ഇ&ഒ.എസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-10 മുൻ റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ വീഴ്ച – അപാകതകൾ പരിഹരിക്കപ്പെടുന്നില്ല**

2002-03 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ സ്ഥാപനത്തിൽ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. ഇതിൽ തന്നെ 2007-08 മുതലുള്ള റിപ്പോർട്ടുകളിലെ മിക്ക പരാമർശങ്ങളും പരിഹരിക്കാതെ അവശേഷിക്കുന്നു. ഇക്കാരണത്താൽ വളരെ പ്രസക്തമായ പല അപാകതകളും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു.

2016-17 മുതലുള്ള മൂന്ന് വർഷങ്ങളിലെ റിപ്പോർട്ടുകളുടെ തുടർ നടപടി ഫയൽപരിശോധിച്ചതിൽ, അർഹമായ പ്രാധാന്യം റിപ്പോർട്ടുകൾക്ക് നിലവിലും നല്കുന്നില്ലെന്ന് വ്യക്തമായിട്ടുണ്ട്. 15.09.2017 തീയതിയിൽ ലഭിച്ച 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമമറുപടി സമർപ്പിക്കുന്നത് 15.01.2018 നാണ്. നിയമപ്രകാരം ഇത് റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം നല്കേണ്ടതാണ്. ഈ മറുപടിക്ക് 28.02.2018 ലഭ്യമാക്കിയ അനന്തര പരാമർശ പ്രകാരം പതിനാലോളം പരാമർശങ്ങൾ നിലനില്ക്കുന്നെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഈ റിപ്പോർട്ട് ഭരണസമിതിയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പരിഗണിച്ചിട്ടില്ലെന്നത് പ്രധാന വീഴ്ചയായി കാണാം. കൂടാതെ റിപ്പോർട്ടിന് സമർപ്പിച്ച മറുപടിയും ഈ കമ്മിറ്റികൾ പരിഗണിച്ചു കാണുന്നില്ല.

27.02.2019 തീയതിയിൽ ലഭിച്ച 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമമറുപടി സമർപ്പിക്കുന്നത് 14.08.2019 നാണ്. ഈ മറുപടിക്ക് 01.10.2019 ലഭ്യമാക്കിയ അനന്തര പരാമർശ പ്രകാരം പതിനാറ് പരാമർശങ്ങൾ നിലനില്ക്കുന്നെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 2018-19 വർഷത്തെ റിപ്പോർട്ടിന് 30.11.2020ന് അനന്തര പരാമർശം സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. (17 പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നു). വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ, അനധികൃത കെട്ടിട നിർമ്മാണം , ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ കണ്ടെത്തി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടത് സംബന്ധിച്ച മുൻ വർഷ റിപ്പോർട്ടുകളിലെ പരാമർശങ്ങളും തീർപ്പാക്കാൻ അവശേഷിക്കുന്നവയിലുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കുന്നതിലും റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ/പോരായ്മകൾ പരിഹരിക്കുന്നതിലും സ്ഥാപനം വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ടുകൾ തീർപ്പാക്കേണ്ടതുമാണ്.

## 1-11 രശീത് സൂക്ഷിപ്പിലെ അപാകതകൾ

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനക്കായി ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 17.04.2019 | 119040100227 | 7989913 |
| 29.04.2019 | 119040100349 | 7989913 |
| 03.05.2019 | 119040100448 | 7990012 |
| 03.06.2019 | 119040101150 | 7990725 |
| 06.08.2019 | 119040102545 | 4590299 |
| 25.09.2019 | 119040103359 | 4591006 |
| 27.09.2019 | 119040103438 | 4591089 |
| 11.11.2019 | 119040104455 | 4592121 |
| 23.11.2019 | 119040500047 | 4592411 |
| 10.12.2019 | 119040105202 | 4592884 |
| 12.12.2019 | 119040105687 | 4593371 |
| 07.01.2020 | 119040400041 | 4595525 |
| 13.02.2020 | 119040109140 | 4596911 |

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ മാന്വൽ രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| രശീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 15573 | രശീതി നം. 5 ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 49596 | രശീത് ബുക്കിന്റെ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്. |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് - സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ. (എം.എസ് ) 358/15 തി. 16.12.2015 എന്നിവ പ്രകാരം 60 ച. മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച. മി യിൽ കൂടുതൽ വിസ്തീർണമുള്ള നിരവധി കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല. കെട്ടിങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറവിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 1/64 | 88 ച. മീ | ശ്രീ. തമ്പി തോമസ്, കാടംപ്ലാക്കൽ, കണ്ണപ്പൻകാവ്, മൈലള്ളാംപാറ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 6/329A | 141.48 ച. മീ | ശ്രീ. മരയ്ക്കാർ, പുളിക്കൽ, അടിവാരം, പുതുപ്പാടി | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 12/301 | 256.01 ച. മീ | ശ്രീ. സി. പി. ചാക്കോ, ചോമ്പാലക്കുന്നുമ്മൽ, പുതുപ്പാടി | രേഖപ്പെടുത്തിയിട്ടില്ല |

കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/19-20 തീ-26.11.21) മറുപടി ലഭ്യമായിട്ടില്ല.

**1-13 12 ച. മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ - വിശദീകരണം തേടുന്നത് - സംബന്ധിച്ച്**

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6), പരിശോധിച്ചപ്പോൾ 12 ച. മി. വരെ വിസ്തൃതിയുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള 67 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം(ച.മീ) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 17/783 A | 10 ച. മീ | ശ്രീ. ജേക്കബ് മാത്യൂ , നിലാവില, ഈങ്ങാപ്പുഴ |
| 2 | 20/482/A | 10.8 ച. മീ | ശ്രീ. മുഹമ്മദ്, പുത്തുക്കാടൻ, കക്കാട്, പുതുപ്പാടി |
| 3 | 1/423 | 8 ച. മീ | ശ്രീമതി. പാത്തുമ്മ, ആമിന, പൂവ്വോട്ടിൽ, പുഴംകുന്നുമ്മൽ |
| 4 | 1/452 | 6 ച. മീ | ശ്രീ. മുഹമ്മദ്, കളത്തില്, വാവാട് |
| 5 | 9/302 | 10 ച. മീ | ശ്രീ. അഹമ്മദ് കുട്ടി, പുല്ലോറക്കുന്നുമ്മൽ, കല്ലടിക്കുന്ന് |
| 6 | 9/453 | 8.1 ച. മീ | ശ്രീ. ഉസ്സെയിൻ, കല്ലടിക്കുന്നുമ്മൽ, വെസ്റ്റ് കൈതപ്പൊയിൽ |
| 7 | 17/522 | 8 ച. മീ | ശ്രീ. ഷംസീർ, പുതിയോട്ടിൽ, എലോക്കര |
| 8 | 17/747 | 8 ച. മീ | ശ്രീ. മുഹമ്മദ് അഷ്റഫ്, തറവട്ടത്ത് കരുണിച്ചാൽ, ഈങ്ങാപ്പുഴ |
| 9 | 13/346 | 10 ച. മീ | ശ്രീമതി. പാത്തുമ്മായി, പോത്താറ്റിൽ |

മേൽ കെട്ടിടങ്ങളുടെയെല്ലാം വിസ്തൃതി വാണിജ്യ കെട്ടിടങ്ങൾക്ക് സമാനമായതാണ്. കൂടാതെ ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇവ വാണിജ്യ കെട്ടിടങ്ങൾ ആയിരിക്കാനാണ് സാധ്യത. ഇത്തരത്തിലുള്ള മുഴവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം പരിശോധിക്കേണ്ടതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**1-14 തൊഴിൽ നികുതി - അപാകതകൾ**

**(I) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2019-20 സാമ്പത്തിക വർഷം പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. അബ്ദുൾ സലീം. എം, മൂലയിൽ, കൈതപ്പൊയിൽ

2) ശ്രീ. റഷീദ്. പി, പൂക്കുന്നേൽ, പെരുമ്പള്ളി

3) ശ്രീ. മനോജ്. എം. ജെ, മുളകുന്നത്ത്, കൈതപ്പൊയിൽ

4) ശ്രീ. സജി ജോസ്, തുരുതേൽ, മേമുട്ടി, കോടഞ്ചേരി

5) ശ്രീ. അദായി. കെ. വി, കർത്തനിക്കാട്ട്, മൈകാവ്(പി. ഒ), താമരശ്ശേരി

6) ശ്രീ. വേണു. കെ, പൊച്ചയിൽ, കക്കാട്(പി. ഒ), കാക്കവയൽ

7) ശ്രീ. ഗോപാലകൃഷ്ണൻ, കുന്നത്ത്, പൊന്നംകയം(പി.ഒ), തിരുവമ്പാടി

8) ശ്രീ. മൊയ്തീൻ. പി. സി, പന്നിവെട്ടുംചാലിൽ, ചെമ്പുകടവ്

9) ശ്രീ. അനൂപ്. കെ, കോറോത്ത്, കിഴക്കോത്ത്

10) ശ്രീ. ജിവിൻ ജോസ്, അടക്കാപ്പാറ, ആനക്കാംപൊയിൽ

11) ശ്രീ. സനിത്ത്, സായൂജ്യ, കിഴക്കോത്ത്

12) ശ്രീ. ഷാജി ജോർജ്, വള്ളിക്കാട്ടിൽ, കക്കാട്(പി. ഒ)

13) ശ്രീ. നൗഷാദ്.പി. സി, പെരുനിലത്ത്, പുതുപ്പാടി

14) ശ്രീ. റെജി. സി. ജെ, ചാഞ്ഞപ്ലാക്കൽ, മൈകാവ്

15) ശ്രീ. നിസാർ. സി. പി, ചുങ്കംപൊയിൽ, ചമൽ (പി. ഒ)

16) ശ്രീ. ജേക്കബ്. എം. സി, മൂന്നംപ്ലാക്കൽ, മൈലള്ളാംപാറ

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

Ii) **<u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>**

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | ലൈസൻസ് അപേക്ഷന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 12/35 B | ശ്രീ. സജി പൗലോസ് | കെ. എസ്. കാറ്ററിംഗ് | 6 |
| 2 | 18/1303-1304 | ശ്രീ. മുഹമ്മദ് | നാസ് ഫൂട്ട് വെയർ | 2 |
| 3 | 6/618 | ശ്രീ. മുഹമ്മദ് ഷമീർ. വി | ന്യൂ മദീന സ്റ്റോർ | 2 |
| 4 | 18/1255 A | ശ്രീ. ചാൾസ്. ജി. തോമസ് | സെന്റ് ജോർജ് ഡയാലിസിസ് സെന്റർ | 10 |
| 5 | 15/450 A1,B | ശ്രീ. ബഷീർ | സ്റ്റോൺ ഗ്യാലറി | 2 |
| 6 | 18/949 | ശ്രീ. ബൈജു. എ. കെ | എ. കെ. വി സ്റ്റോർ | 2 |
| 7 | 9/454 | ശ്രീ. അബ്ദുള്ള. പി | ഒ. കെ. സ്റ്റോർ | 2 |
| 8 | 18/522 A | ശ്രീ. മുഹമ്മദ് സീതി | വൈറ്റ് ഹൗസ് റെസ്റ്റോറന്റ് | 15 |
| 9 | 7/523 | ശ്രീ. നൂറുൽ ഹസൻ | ട്രൂ കെയർ ഹെൽത്ത് ക്ലീനിക് | 5 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നമ്പർ, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/19-20 തീ-26.11.21) മറുപടി ലഭ്യമായിട്ടില്ല.

**<u>1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും</u>**

**<u>ലൈസൻസ് നൽകൽ - അപാകതകൾ</u>**

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-20 ഓഡിറ്റിന്റെ ഭാഗമായി ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>1. കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കുന്നു</u>**

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള 2018 ലെ ഭേദഗതി നിയമത്തിലെ ചട്ടപ്രകാരം 7 ലെ പട്ടിക II പ്രകാരം ഉത്പാദനമേഖലയിൽ 25 ലക്ഷത്തിൽ കൂടാത്തതും, സേവന മേഖലയിൽ 10 ലക്ഷത്തിൽ കൂടാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവുള്ളതായി ബോദ്ധ്യപ്പെട്ടു.

ആകെ 642 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കുകയോ/പുതിയ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 17 സ്ഥാപനങ്ങൾക്ക് 200/- രൂപാ വീതവും, 341 സ്ഥാപനങ്ങൾക്ക് 300/- രൂപാ വീതവും ആണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. ലൈസൻസ് ഫീ കുറച്ച് ഈടാക്കിയതു മൂലം ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

2018 ലെ ചട്ടം പട്ടിക II-ൽ നിഷ്കർഷിക്കുന്നതിൽ നിന്നും വ്യത്യസ്തമായ തുക ലൈസൻസ് ഫീസായി ഈടാക്കിയതിൽ വിശദീകരണം നൽകേണ്ടതാണ്.

**<u>2. യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള ഫീസ് ഈടാക്കിയില്ല.</u>**

പട്ടിക III, IV എന്നിവ പ്രകാരം വൈദ്യുതി ഉപയോഗിച്ചോ അല്ലാതെയോ യന്ത്രങ്ങൾ പ്രവർത്തിക്കുമ്പോൾ ഈടാക്കേണ്ടതായ മെഷീൻ റണ്ണിംഗ് ഫീസ് താഴെ കാണിച്ച സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേരും, വിലാസവും | സ്ഥാപനം ,<br>വാർഡ് നമ്പർ/<br>കെട്ടിട നമ്പർ | ഉപയോഗിക്കുന്ന മോട്ടറിന്റെ കുതിരശക്തി |
|---|---|---|---|
| 1 | ശ്രീ. കെ. മൊയ്തീൻ,<br>കുണ്ടത്തിൽ ഹൗസ്,<br>ഉണ്ണികുളം (പി. ഒ), പൂനൂർ | ഇ കോൺ ഇൻഡസ്ട്രീസ്<br>10/355 | 15 H P |
| 2 | ശ്രീ. പി. ടി. തോമസ്,<br>പാലക്കൽ, പെരുമ്പള്ളി | പാലക്കൽ ഫ്ലോർമിൽ<br>13/326 | 10 H P |
| 3 | ശ്രീ. സനോജ്. കെ. ടി,<br>കരുവൻകാവ് (വീട്)<br>പെരുമ്പള്ളി,<br>പുല്ലാഞ്ഞിമേട് | കരുവൻകാവ് മെറ്റൽ ഇൻഡസ്ട്രീസ്<br>15/196 | 7.5 H P |
| 4 | ശ്രീ. ബെന്നി ഇമ്മാനുവൽ,<br>മഠത്തിപ്പറമ്പിൽ,<br>പുതുപ്പാടി | ബെൻ അലുമിനിയം ഇന്റീരിയർ ഡെക്കറേഷൻ<br>17/256 | 1.5 H P |
| 5 | ശ്രീ. ഫൈസൽ. കെ. എച്ച്,<br>കല്ലിങ്ങൽ, കക്കാട് | സൈൻ ഇന്ത്യ<br>18/782-784 | 2 H P |
| 6 | ശ്രീ. പി. പി. സിദ്ദീഖ്,<br>പനച്ചിപറമ്പിൽ,<br>പരപ്പൻപൊയിൽ (പി. ഒ) | പി. പി. സി ഫ്ലോർമിൽ<br>15/433 | 10 H P |
| 7 | ശ്രീ. ജോർജ് മാത്യു,<br>മേനാംപടവിൽ,<br>മൈലള്ളാംപാറ | സെന്റ് മേരീസ് ഇൻഡസ്ട്രീസ്<br>7/488 | 3 H P |
| 8 | ശ്രീ. ജമാൽ. ടി. പി, | കിസ്വ ഫ്ലോർമിൽ | 18 H P |

| | | | |
|---|---|---|---|
| | തളിയാച്ചപറമ്പിൽ, കക്കാട് | 20/70 C | |

ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തതിട്ടാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും, തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാവുന്നില്ലെന്ന് സെക്രട്ടറിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്. കുറഞ്ഞ ലൈസൻസ് ഫീ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതുമാണ്. കൂടാതെ മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ നിന്ന് മോട്ടർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഈടാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത ഫീ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/19-20 തീ-26.11.21) മറുപടി ലഭ്യമായിട്ടില്ല.

**1-16 തെറ്റായ ഇനം ഉൾപ്പെടുത്തി കരാറുകാരന് അധികതുക നൽകി-ഗ്രാമപഞ്ചായത്തിന് നഷ്ടം**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഇങ്ങാപ്പുഴ കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം (പ്രോജക്ട് നം. 286/2019-20) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. അബ്ദുൾ ബഷീർ. കെ |
| അടങ്കൽ തുക | സംസ്ഥാനാവിഷ്കൃത ഫണ്ട് – 10,00,000/- |
| ചെലവ് | ചെക്ക് നമ്പർ – 903451/10.02.2020 – 9,01,457/- |
| എം.ബുക്ക് നം | 271/2018-19 |
| കരാർ | 116/18-19/16.02.2019 |

ഈങ്ങാപ്പുഴ കംഫർട്ട് സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരണത്തിനായാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പ്രവൃത്തിയിൽ ഡോർഫ്രെയിം സ്ഥാപിക്കുന്നതിന് ഡോർ ഷട്ടറിന്റെ നിരക്കാണ് നൽകിയത്. ഡോർ ഫ്രെയിം എന്ന ഇനം ഒഴിവാക്കി ഡോർ ഷട്ടറിന് രണ്ടു തവണ തുക നൽകി (16ാം ഇനമായും ഏക്സ്ട്രാ ഇനം- 5 ( 9.118.2 ) ആയും). സ്ഥലപരിശോധനയിൽ ഡോർ ഫ്രെയിമിന് ആദ്യ എസ്റ്റിമേറ്റിലെ ഇനമായ 15ാം മത്തെ ഇനം പ്രവൃത്തിയും (9.117.2 ) ഡോർഷട്ടറിന് 16ാംമത്തെ പ്രവൃത്തിയും( 9.118.1) ചെയ്തതായി കാണാൻ കഴിഞ്ഞു. ആയതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

എ)കരാറുകാരന് അനുവദനീയമായ തുക

| | |
|---|---|
| ഡോർ ഫ്രെയിം പ്രവർത്തിയുടെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് അടക്കം) | 281.64/മീറ്റർ |
| അളവ് | 24.72 മീറ്റർ |
| അനുവദനീയമായ തുക | 6292/-രൂപ |

ബി)

| | |
|---|---|
| ഡോർ ഷട്ടർ പ്രവർത്തിയുടെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് അടക്കം) | 2471.19/ച.മീ. |
| അളവ് | 7.65/ച.മീ. |
| അനുവദനീയമായ തുക | 2471.19x7.65=18905/- |

ആകെ -25197/-

ബി)കരാറുകാരന് തുക നൽകിയതിന്റെ വിവരം

1)

| | |
|---|---|
| ഡോർ ഷട്ടർ പ്രവർത്തിയുടെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് അടക്കം) | 2500/ച.മീ. |
| അളവ് (എം.ബുക്ക് പേജ് 84-ഇനം-16) | 7.65 ച.മീ |
| നൽകിയ തുക | 2500x7.65=19125/- |

2)

| | |
|---|---|
| ഡോർ ഷട്ടർ പ്രവർത്തിയുടെ നിരക്ക് | 2411.61/മീ |
| അളവ് (എം.ബുക്ക് പേജ് 96-ഏക്സ്ട്രാഇനം-5) | 24.72 മീ. |
| നൽകിയ തുക | 24.72x2411.61=59615/- |

ആകെ നൽകിയത്- 78740/-

അധികം നൽകിയ തുക=78740-25197=53,543/-രൂപ. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 09/2019-20 തീയതി 26.11.2021-ന് മറുപടി ലഭ്യമാക്കിയില്ല. തെറ്റായ ഇനം ഉൾപ്പെടുത്തി കരാറുകാരന് അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 പകൽവീട് നിർമ്മാണം - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകി - പൂർത്തീകരണ / വിനിയോഗ വിവരം ലഭ്യമല്ല.**

പുതുപ്പാടി ഗ്രാമപഞ്ചായത്ത് പരിധിയിലെ വൃദ്ധരുടെ ക്ഷേമം മുൻനിർത്തി കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയാണ് പകൽവീട് നിർമ്മാണം. ഈ പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതം നൽകുന്നതിനാണ് താഴെപ്പറയും പ്രകാരമുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

പ്രോജക്ട് - പകൽവീട് നിർമ്മാണം - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം കൈമാറൽ പ്രോജക്ട് നമ്പർ - എസ് 0099/20

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 10,00,000/- രൂപ – വികസന ഫണ്ട്

ചെലവ് - 10,00,000/- രൂപ – ബിൽ നമ്പർ 20/19-20 തീയതി 17.10.2019

ഈ പ്രവൃത്തിക്കായി പുതുപ്പാടി ഗ്രാമപഞ്ചായത്തും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തും തമ്മിൽ ഒപ്പു വെച്ച കരാർ ഉടമ്പടി പ്രകാരം ( കരാർ ഉടമ്പടി നമ്പർ 13/20 തീയതി 24.12.2019 ) കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് പകൽവീട് നിർമ്മാണം 6.1.2020 ന് ആരംഭിക്കേണ്ടതും 26.3.2020 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ തുക കൈമാറി രണ്ടു വർഷത്തിനു ശേഷവും പ്രവൃത്തി പൂർത്തീകരിച്ചതായോ കൈമാറിയ തുക ഇതിനായി വിനിയോഗിച്ചതായോ ഉള്ള യാതൊരു വിവരവും ലഭ്യമല്ല.

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതും പ്രോജക്ട് പ്രകാരം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2019-20 തീയതി 20.11.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 ഫലവൃക്ഷ തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.**

പ്രോജക്ട് നം 150, 179

പ്രോജക്ടിന്റെ പേര് – ഫലവൃക്ഷ തൈ വിതരണം

ബിൽ നം./തുക – 6/ 20.12.19 – 20,400 രൂപ ( എസ്സ്.സി.പി)

– 9/ 31.1.20 – 41,175 രൂപ ( വി.ഫണ്ട് )

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 150, ഫലവൃക്ഷ തൈ വിതരണം (ജനറൽ), 179 (ഫലവൃക്ഷ തൈ വിതരണം .എസ്സ്. സി) എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ പ്രോജക്ട് നം. 179 ൽ ഇൻവോയ്സ് നം. TASC./57/19-20/18.11.19 പ്രകാരം റംബൂട്ടാൻ, മാംഗോസ്റ്റിൻ എന്നിവയുടെ 68 തൈകൾ വീതം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ വിതരണം ചെയ്തതിന്റെ വിവരങ്ങൾ, ഗുണഭോക്തൃലിസ്റ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രോജക്ട് നം. 150 (ജനറൽ) പ്രകാരം ഫലവൃക്ഷങ്ങൾ വാങ്ങിയതിന്റെ ഇൻവോയ്സ്, വിതരണം ചെയ്തതിന്റെ വിവരങ്ങൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെ വിവരങ്ങൾ ലഭ്യമല്ല. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ / തീയതി ) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക 61,575 /രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-19 വീട് വാസയോഗ്യമാക്കൽ - നിർമ്മാണം പൂർത്തീകരിച്ചില്ല**

പ്രൊജക്ട് നം . 65/19-20 – വീട് വാസയോഗ്യമാക്കൽ (എസ്സ്.സി.)

അടങ്കൽ - 21,00,000 രൂപ

ചെലവ് തുക - 17,00,000 രൂപ

ഫണ്ട് - (എസ്സ്.സി.പി)

പുതുപ്പാടി പഞ്ചായത്തിലെ 2019-20 വർഷത്തിൽ വീട് വാസയോഗ്യമാക്കൽ പ്രൊജക്ടുകളുടെ ഭാഗമായി പഞ്ചായത്തിൽ 22 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. കരാർ പത്രിക പ്രകാരം 31-3-2020 നകം നിർമ്മാണം പൂർത്തിയാക്കേണ്ടതായിരുന്നു. ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേരും

കൈപറ്റിയ തുകയും ചുവടെ ചേർക്കുന്നു.

1) ശ്രീ. ഭാസ്കരൻ – 50,000 രൂപ /30.1.20

2) ശ്രീ. കുമാരൻ – 50,000 രൂപ/30.12.19

മേൽ ഗുണഭോക്താക്കളുടെ കാര്യത്തിൽ നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകൾ ഹാജരാക്കാനുള്ള നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരിച്ചടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തെറ്റായ ഇനം ഉൾപ്പെടുത്തി കരാറുകാരന് അധികതുക നൽകി-ഗ്രാമപഞ്ചായത്തിന് നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഇങ്ങാപ്പുഴ കംഫർട്ട് സ്റ്റേഷൻ പൂർത്തീകരണം (പ്രോജക്ട് നം. 286/2019-20) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. അബ്ദുൾ ബഷീർ. കെ |
| അടങ്കൽ തുക | സംസ്ഥാനാവിഷ്കൃത ഫണ്ട് – 10,00,000/- |
| ചെലവ് | ചെക്ക് നമ്പർ – 903451/10.02.2020 – 9,01,457/- |
| എം.ബുക്ക് നം | 271/2018-19 |
| കരാർ | 116/18-19/16.02.2019 |

ഈങ്ങാപ്പുഴ കംഫർട്ട് സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരണത്തിനായാണ് പദ്ധതി നടപ്പിലാക്കിയത്. ഈ പ്രവൃത്തിയിൽ ഡോർഫ്രെയിം സ്ഥാപിക്കുന്നതിന് ഡോർ ഷട്ടറിന്റെ നിരക്കാണ് നൽകിയത്. ഡോർ ഫ്രെയിം എന്ന ഇനം ഒഴിവാക്കി ഡോർ ഷട്ടറിന് രണ്ടു തവണ തുക നൽകി (16ാം ഇനമായും ഏക്സ്ട്രാ ഇനം- 5 ( 9.118.2 ) ആയും). സ്ഥലപരിശോധനയിൽ ഡോർ ഫ്രെയിമിന് ആദ്യ എസ്റ്റിമേറ്റിലെ ഇനമായ 15ാം മത്തെ ഇനം പ്രവൃത്തിയും (9.117.2 ) ഡോർഷട്ടറിന് 16ാംമത്തെ പ്രവൃത്തിയും( 9.118.1) ചെയ്തതായി കാണാൻ കഴിഞ്ഞു. ആയതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

എ)കരാറുകാരന് അനുവദനീയമായ തുക

| | |
|---|---|
| ഡോർ ഫ്രെയിം പ്രവർത്തിയുടെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് അടക്കം) | 281.64/മീറ്റർ |
| അളവ് | 24.72 മീറ്റർ |
| അനുവദനീയമായ തുക | 6292/-രൂപ |

ബി)

| | |
|---|---|
| ഡോർ ഷട്ടർ പ്രവർത്തിയുടെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് അടക്കം) | 2471.19/ച.മീ. |
| അളവ് | 7.65/ച.മീ. |
| അനുവദനീയമായ തുക | 2471.19x7.65=18905/- |

ആകെ -25197/-

ബി)കരാറുകാരന് തുക നൽകിയതിന്റെ വിവരം

1)

| | |
|---|---|
| ഡോർ ഷട്ടർ പ്രവർത്തിയുടെ നിരക്ക് (കോസ്റ്റ് ഇൻഡക്സ് അടക്കം) | 2500/ച.മീ. |
| അളവ് (എം.ബുക്ക് പേജ് 84-ഇനം-16) | 7.65 ച.മീ |
| നൽകിയ തുക | 2500x7.65=19125/- |

2)

| | |
|---|---|
| ഡോർ ഷട്ടർ പ്രവർത്തിയുടെ നിരക്ക് | 2411.61/മീ |
| അളവ് (എം.ബുക്ക് പേജ് 96-ഏക്സ്ട്രാഇനം-5) | 24.72 മീ. |
| നൽകിയ തുക | 24.72x2411.61=59615/- |

ആകെ നൽകിയത്- 78740/-

അധികം നൽകിയ തുക=78740-25197=53,543/-രൂപ. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 09/2019-20 തീയതി 26.11.2021-ന് മറുപടി ലഭ്യമാക്കിയില്ല. തെറ്റായ ഇനം ഉൾപ്പെടുത്തി കരാറുകാരന് അധികം നൽകിയ തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 16.11.2021, 17.11.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 6960000 | ലൈഫ് മിഷൻ ജനറൽ | 4297910 | 2662090 |
| | 2018-19 | 340000 | ലൈഫ് മിഷൻ പട്ടിക ജാതി | 340000 | 0 |
| | 2019-20 | 150000 | പോഷകാഹാര വിതരണം | 150000 | 0 |
| | 2019-20 | 800000 | പാലിന് സബ്സിഡി | 800000 | 0 |
| | 2018-19, 2019-20 | 594118 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 580200 | 13918 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000 | പാലിന് സബ്സിഡി | 400000 | 0 |
| | 2018-19, 2019-20 | 1000171 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1000000 | 171 |
| | 2019-20 | 100000 | ആശ്രയ പദ്ധതി | 100000 | 0 |
| | 2018-19 | 9652 | ലൈഫ് മിഷൻ ജനറൽ | 9652 | 0 |
| | 2018-19 | 8122 | ലൈഫ് മിഷൻ പട്ടിക ജാതി | 8122 | 0 |
| | 2018-19 | 96774 | ലൈഫ് മിഷൻ പട്ടിക വർഗ്ഗം | 96774 | 0 |

**4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വിവിധ അംഗനവാടികളിൽ കുഴൽക്കിണർ നിർമ്മാണം | 52260 | 0 | 52260 |

മുൻകൂർ നൽകിയ തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.27/19, തീയ്യതി 22/2/2019 | 0 | 14020000 | 1426471 | 0 | 12593529 |
| കാരുണ്യ ഭവന പദ്ധതി | 7656/ ഡിബി.1/14/ ത.സ്വഭവ | 0 | 10782693 | 1211365 | 1200000 | 9386864 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം വരവില്ല

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23-** വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 46 | 2003-04 | 11.13.2.6 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | തടസ്സം തുടരുന്നു |
| 2001-02 | 29 | 2003-04 | 11.13.7.17 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2003-04 | 11.14 | മരാമത്ത് പ്രവൃത്തി സെന്റ് കോളനി സാംസ്കാരിക നിലയം | തടസ്സം തുടരുന്നു |
| 2001-02 | | 2004-05 | 11.1.3.6 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2015-16 | 2-14 | 2016-17 | 4.2.1 | പുറമ്പോക്കുകൾ - സംരക്ഷണവുമായി ബന്ധപ്പെട്ട് | തടസ്സം തുടരുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,11,90,018 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,95,38,926 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53,543 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,61,575 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 53,543 | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ, അസി.എഞ്ചിനിയർ |
| **ആകെ** | | 53,543 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 10,00,000 | ശ്രീ. സുരേഷ് കുമാർ.കെ, സെക്രട്ടറി |
| 1-11 | 61,575 | ശ്രീ. വിനു ചന്ദ്രബോസ്, കൃഷി ഓഫീസർ |
| | | |

| | |
|---|---|
| ആകെ | 10,61,575 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് കുമാർ.കെ, സെക്രട്ടറി | സെക്രട്ടറി, പുതുപ്പാടി ഗ്രാമപഞ്ചായത്ത് | കിഴക്കയിൽ വീട്, ചെത്ത്കടവ്, കുന്നമംഗലം(പി.ഒ), കോഴിക്കോട് |
| ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ , അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, താമരശ്ശേരി ഗ്രാമപഞ്ചായത്ത് | സായിശ്രേയസ്സ്, അരീക്കോട്(പി.ഒ), മലപ്പുറം |
| ശ്രീ. വിനു ചന്ദ്രബോസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഐ.എസ്.ഡി ഫാം, എരുത്തംപതി | കാർത്തിവ് ഹൗസ്, 51/439,JJR ലെയ്ൻ, വൈറ്റില(പി.ഒ), കൊച്ചി |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12/ 11.02.13 | 4 | 3-1, 3-6, 3-8, 3-9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12(1) / 11.02.13 | 3 | 3-7, 3-8, 3-11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12/ 11.02.13 | 10 | 1-1, 2-5, 3-1, 3-4,3-6, 3-9, 3-10,3-11, 3-12 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1815/2019 തീ-11.09.2020 | 23 | 2-2,2-6, 2-7,2-10, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12,3-17, 3-18, 3-19, 3-22, 3-24, 3-25, 3-27, 3-28, 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1815/2019 തീ-11.09.2020 | 27 | 2-1,2-2, 2-3, 2-7(എ,ബി), 2-8, 2-9, 2-10, 3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-12, 3-13,3-14, 3-15,3-16, 3-18, 3-19,3-20, 3-21, 3-22, 3-23, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1815/2019 തീ-11.09.2020 | 2 | 3-3, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി1/ 624/14/ 11.06.14 | 18 | 1-1, 1-2, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8,3-10, 3-12, 3-13, 3-17, 4-3, 4-4, 4-5, 4-7 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി8/ 2478/17/ 27.08.2017 | 21 | 2-1, 3-1, 3-2(A),3-3, 3-4, 3-5,3-8, 3-10, 3-11, 3-13, 3-14, 3-15, 3-17, |

| | | | |
|---|---|---|---|
| | | | 3-19, 3-20, 3-21,<br>3-22, 3-23, 3-24,<br>3-25, 3-26, 3-27 |
| 2013-14<br>&<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/<br>2418/17/ 18.01.2018 | 10 | 3-1, 3-5, 3-7,3-10, 3-11, 3-12, 3-14,3-15, 3-16, 3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/<br>2048/17/ 08.11.2017 | 30 | 2-1, 2-2, 2-3, 2-4,2-5, 2-8, 2-9, 2-10,2-11, 2-12, 2-13,<br>2-14, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-12,3-13, 3-14, 3-16,<br>3-18, 3-19, 3-20,3-21, 3-22, 3-25,3-26, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി8/85/18/<br>29.02.2018 | 14 | 2-1, 2-2, 2-3(2),2-4,2-5, 3-1, 3-3,3-5, 3-6, 3-7,3-12, 3-14, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി8/1455/2019<br>തീ-01.10.2019 | 16 | 2-2, 2-3(1) (2), 2-4, 2-4(2), 2-5(2), 3-2, 3-5(1) (2), 3-6, 3-8, 3-10, 3-11(1), 3-12, 3-13, 3-14, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി2/881/2020<br>തീ-30.11.2020 | 17 | 1-8(1,2,3,4,5), 1-9(3A,3C), 1-10, 1-14(3,4), 1-15(1,2,4), 1-16, 1-18, 1-19, 1-23, 1-25, 1-26, 1-28, 1-29, 1-30, 1-31, 1-33, 1-36 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്